# അക്ഷരക്കൂട്

## അക്കാദമിക മാസ്റ്റർ പ്ലാൻ

MSC LPS VALIYAVILA

**ഉള്ളടക്കം**


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണം പ്രക്രിയ വിവിധ ഘട്ടങ്ങൾ
- നിലവിലുള്ള അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
  ( മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | MSC LPS വലിയവിള |
| വിലാസം | : | MSC LPS വലിയവിള |
| | | വലിയവിള കാഞ്ഞിരംകുളം പി.ഒ |
| സ്കൂൾ കോഡ് | : | 44433 |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| ഉപജില്ല | : | നെയ്യാറ്റിൻകര |
| വർഷം | : | 2025-2026 |
| ഹെഡ്മാസ്റ്റർ | : | ശ്രീ.ഷിബുലോറൻസ് |
| മുൻസിപ്പാലിറ്റി | : | നെയ്യാറ്റിൻകര |
| ബി.ആർ.സി | : | ഊരുട്ടുകാല |
| സി ആർ സി | : | പരണിയം |

## ആമുഖം

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ലൂർദ്ദിപുരം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് MSC LPS വലിയവിള. കാഞ്ഞിരംകുളം സ്റ്റേഡിയത്തിനു സമീപത്തായി 50 മീറ്റർ അകലത്തിൽ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. എട്ടുക്കുറ്റി, ചാണി, മലിനംകുളം തുടങ്ങിയ സ്ഥലത്ത് നിന്നുള്ള വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. വളരെ പഴക്കമുള്ള ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയ പലരും ഉന്നതസ്ഥാനങ്ങളിൽ ഇന്നും നിലനിൽക്കുന്നു.

മാറിമാറി വരുന്ന സർക്കാരും മാറി മാറി വരുന്ന വിദ്യാഭ്യാസ പദ്ധതികളും നിയമങ്ങളും എല്ലാം വിദ്യാഭ്യാസരംഗത്ത് വിപ്ലവം സൃഷ്ടിക്കുമ്പോൾ അതിന്റെ മാറ്റൊലി നമ്മുടെ വിദ്യാലയത്തിലും ഉണ്ടാക്കുവാൻ പല പ്രവർത്തന രീതികളിലൂടെ ഞങ്ങൾക്ക് സാധിച്ചു. അക്ഷരങ്ങളാകുന്ന മുത്തുകളിലൂടെ വിദ്യയാർജ്ജിച്ച ഒരു കൂട്ടം വിദ്യാർത്ഥികളെ ഒരു നൂറ്റാണ്ട് കാലം സമൂഹത്തിന് സമ്മാനിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു എന്ന ചാരിതാർത്ഥ്യത്തോടെ ഈ മാസ്റ്റർ പ്ലാനിന് ആരംഭം കുറിക്കുന്നു.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷയത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

- പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലത്തിന്റെ ലഘുചരിത്രം

വലിയവിള ജ്യോത്സ്യൻ എന്നറിയപ്പെട്ടിരുന്ന ശ്രീ രാമൻ നാടാർ അവർകളാൽ 1904-ൽ സ്ഥാപിതമായ ഈ വിദ്യാലയം കാലം ചെയ്ത മാർ ഗ്രിഗോറിയോസ് തിരുമേനിയാൽ ഏറ്റെടുക്കപ്പെടുകയും വിദ്യാലയ സ്ഥാപനത്തിന്റെ 122-ാം വർഷത്തിലേക്ക് കടന്നിരിക്കുകയും ചെയ്യുന്നു.

കാഞ്ഞിരംകുളം, പൂവ്വാർ റോഡിന്റെ സമീപത്തായി വർഷങ്ങളായി സ്ഥിതിചെയ്തിരുന്ന സ്കൂൾ കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചു തുടങ്ങിയപ്പോഴാണ് ഇന്നത്തെ സ്കൂൾ കെട്ടിടം ചുറ്റു മതിലുകളോടുകൂടി ശ്രീമതി.എസ്.ലീല ഹെഡ്മിസ്ട്രസായിരുന്ന കാലയളവിൽ സ്ഥാപിതമായത്.

## <u>വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്</u>

- വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യുക.
- പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, അനുകമ്പ, സഹകരണം, തുടങ്ങിയ മൂല്യങ്ങൾ, രൂപപ്പെടുത്താനുള്ള സാഹചര്യം ഒരുക്കൽ.
- ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകൽ.
- കൃഷി വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തൽ.
- ഓരോ കുട്ടികളും അതാത് ക്ലാസ്സുകളിൽ നിന്ന് നേടേണ്ട ശേഷികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.
- പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെയും ചെടികൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്തൽ.
- കലാ കായിക സർഗാത്മക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകൽ.
- നേതൃത്വ ഗുണം കുട്ടികളിൽ വളർത്തൽ.
- വായനയ്ക്ക് പ്രാധാന്യം നൽകി വരും തലമുറയെ വായനാശീലം ഉള്ളവരാക്കി മാറ്റൽ.

## പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

1. S.R.G യോഗത്തിൽ പദ്ധതി രൂപീകരണവും ചർച്ചയും.
2. വികസന ആവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ SRG, SMC, PTA, MPTA രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലുള്ള അവസ്ഥാവിശേഷം

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ ലൂർദ്ദിപുരം വാർഡിൽ വലിയ വിള ദേശത്തായി പ്രവർത്തിക്കുന്ന ഒരു ഗ്രാമീണ വിദ്യാലയമാണ് MSC LPS വലിയവിള. പ്രസ്തുത വിദ്യാലയത്തിൽ ശ്രീ.ഷിബു ലോറൻസ് ഹെഡ്മാസ്റ്ററായും, ശ്രീമതി. ഷിനി വത്സലം, ശ്രീമതി പ്രിയങ്ക.എസ്.ആർ, ശ്രീമതി.റീന. എസ് എന്നിവർ അധ്യാപകരായും സേവനം അനുഷ്ഠിക്കുന്നുണ്ട്. 1-ാം സ്റ്റാൻഡേർഡ് മുതൽ IV-ാം സ്റ്റാൻഡേർഡ് വരെ പ്രസ്തുത വിദ്യാലയത്തിൽ 15 വിദ്യാർത്ഥികളും പ്രീ- പ്രൈമറി വിഭാഗത്തിൽ 9 വിദ്യാർത്ഥികളും പഠിക്കുന്നു. റവ.ഫാ.ഗീവർഗീസ് OIC ഈ വിദ്യാലയത്തിന്റെ ലോക്കൽ മാനേജരായി പ്രവർത്തിക്കുന്നു. വിവിധതരം ക്ലബ്ബുകൾ, ക്ലാസ് ലൈബ്രറികൾ, സ്കൂൾ ലൈബ്രറി, കമ്പ്യൂട്ടർ ക്ലാസ്, G.K ക്ലാസ് സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള ഉച്ചഭക്ഷണം, പാൽ, മുട്ട, എന്നിവ ഈ വിദ്യാലയത്തിലും തുടരുന്നു.

ഷീറ്റിട്ട ഒറ്റക്കെട്ടിടത്തിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചു വരുന്നത്. ബഞ്ചും കസേരയും വിദ്യാർത്ഥികളുടെ ഇരിപ്പിടത്തിനായും ഡസ്ക് എഴുതുന്നതിനായും ഇവിടെ ഉപയോഗിച്ചുവരുന്നു. കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രസ്തുത വിദ്യാലയത്തിന് വെള്ളത്തിനായി പൈപ്പാണ് ആശ്രയമായിട്ടുള്ളത്.

സ്കൂൾ വളപ്പിലെ ജൈവ കൃഷി ഉച്ചഭക്ഷണത്തിനാവശ്യമായ വിവിധ തരം പച്ചക്കറികൾ ലഭ്യമാകാനുതകുന്നതിനു പുറമെ വരും തലമുറയ്ക്ക് കൃഷിയോടുള്ള ആഭിമുഖ്യം ഊട്ടി ഉറപ്പിക്കുവാനും സഹായിക്കുന്നു.

എൽ.പി.ജി.ഗ്യാസ് ഉച്ചഭക്ഷണത്തിനുള്ള ആഹാരം പാകം ചെയ്യാൻ സഹായകമായി ഉപയോഗിച്ചുവരുന്നു. ശ്രീമതി.റ്റിന്റു അലക്സ് പ്രസിഡന്റായിട്ടുള്ള ശക്തമായ ഒരു S.M.C നമ്മുടെ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.

ആഘോഷങ്ങളും ദേശീയോത്സവങ്ങളും പ്രാധാന്യമുള്ള വിശിഷ്ട ദിനങ്ങളും സമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ നമ്മുടെ വിദ്യാലയം കേങ്കേമമാക്കുന്നുണ്ട്. എൽ.എസ്.എസ് വിജയിയും കമ്പ്യൂട്ടർ റാങ്കുകാരും നമ്മുടെ വിദ്യാലയത്തിന്റെ അഭിമാനമാണ്. കളിസ്ഥലവും ലൈബ്രറികളും വിദ്യാർഥികൾക്ക് മാനസികോല്ലാസവും അറിവും ലഭിക്കാൻ പര്യാപ്തമാണ്.

## പരിമിതികൾ

നമ്മുടെ വിദ്യാലയത്തിന് നിരവധി നേട്ടങ്ങൾ അവകാശപ്പെടാനുണ്ടെങ്കിലും ഇപ്പോഴും ചില പരിമിതികൾ ഉണ്ട്. അവ താഴെ പറയുന്നു.

- ഒരു ക്ലാസ്സിന് ഒരു കമ്പ്യൂട്ടർ എന്ന വിധത്തിലുള്ള കമ്പ്യൂട്ടിന്റെ അപര്യാപ്തത.
- കുടിവെള്ള പ്രശ്നം - സ്വന്തമായ ഒരു കിണറിന്റെ കുറവ്
- കളിക്കോപ്പുകളുടെ കുറവ് (കായിക വിദ്യാഭ്യാസത്തിന് തടസ്സം സൃഷ്ടിക്കുന്നു)
- ബയോമെട്രിക് പാർക്കിന്റെ അപര്യാപ്തത.

ഇവയൊക്കെ വിദ്യാഭ്യാസത്തെ ഉന്നതികളിലെത്തിക്കുന്നത് നമ്മുടെ വിദ്യാലത്തിന് തടസ്സം ആകുന്ന പരിമിതികൾ ആണ്. ഈ പരിമിതികളെ ഉള്ള ചുറ്റുപാടുകളിൽ അതിജീവിച്ച് മുന്നോട്ടുപോകാൻ നമ്മുടെ വിദ്യാലയത്തിന് ഇന്ന് ഏറെക്കുറെ സാധിക്കുന്നുണ്ട്. എന്നാൽ പൂർണ്ണമായും വിജയത്തിലെത്താൻ ഈ പരിമിതികളെ കൂടെ ഫലവത്താക്കാൻ സാധിക്കണം.

## നിലവിലുള്ള അവസ്ഥാവിശേഷം

### അക്കാദമികം

1. സൗജന്യ പാഠപുസ്തകം
2. സൗജന്യ യൂണിഫോം
3. സൗജന്യ ഉച്ച ഭക്ഷണം
4. സൗജന്യ കമ്പ്യൂട്ടർ ക്ലാസുകൾ കമ്പ്യൂട്ടർ പഠനം
5. ഹലോ ഇംഗ്ലീഷ്
6. മലയാളത്തിളക്കം മലയാള ഭാഷയെ പരിപോഷിപ്പിക്കൽ
7. കലാകായിക മത്സരങ്ങൾ
8. സ്റ്റൈഫന്റുകൾ
9. സ്കോളർഷിപ്പ് എക്സാം എൽ.എൽ.എസ്.എസ്
10. വിശേഷദിനാഘോഷങ്ങൾ, മത്സരങ്ങൾ
11. മൂല്യനിർണയം, C.E, T.E
12. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
13. G.K. ക്ലാസുകൾ
14. ഐ.ടി സ്കോളർഷിപ്പ് എക്സാം

ഇവയെല്ലാം നമ്മുടെ വിദ്യാലത്തിന്റെ നിലവിലുള്ള അക്കാദമിക പ്രവർത്തനങ്ങൾ ആണ്.

### നിലവിലുള്ള അവസ്ഥാ വിശകലനം

എ) ഭൗതികം - നേട്ടങ്ങൾ

1904 സ്ഥാപിതമായ നമ്മുടെ വിദ്യാലയം നിരവധി കടമ്പകൾ കടന്ന് 2025 അധ്യയന വർഷത്തിൽ എത്തിനിൽക്കുന്നു. ഓലപ്പുരയിൽ നിന്ന് ഓടിലേയ്ക്കും ഓടിൽ നിന്ന് ഷീറ്റിലേയ്ക്കും സ്കൂളിന്റെ മേൽക്കൂര മാറ്റുന്നതിന് സാധിച്ചു. ക്ലാസുകളിൽ ആവശ്യത്തിന് ലൈറ്റും ഫാനും ഇട്ട് കുട്ടികളുടെ പഠനാന്തരീക്ഷം സുഖകരമാക്കാൻ സാധിച്ചു. സ്കൂൾ കെട്ടിടത്തിന്റെ ചുവരുകൾ മൺകട്ടകളുടെ സ്ഥാനത്ത് ചുടുകല്ലുകൾ സ്ഥാനം പിടിച്ച് ബലമുള്ളതാക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു.

ബി) അക്കാദമികം - നേട്ടങ്ങൾ

അക്കാദമികമായി വളരെ മികവ് നേടാൻ മുൻകാലഘട്ടങ്ങളെക്കാളും ഇപ്പോൾ നമുക്ക് സാധിച്ചിട്ടുണ്ട്. കണ്ടും കേട്ടും തൊട്ടും അറിഞ്ഞും പഠിക്കുന്ന D.P.E.P യിലൂടെ കുട്ടികൾ കാണാ പഠനത്തിന് വിരാമം ഇട്ടു. തുടർന്ന് ചിരിച്ചും കളിച്ചും പഠിക്കുന്ന സർവശിക്ഷാഭിയാനിലൂടെ മികവാർന്ന വിജയം കൈവരിക്കാൻ വിദ്യാർത്ഥികളെ സജ്ജമാക്കി.

എൽ.എസ്.എസ് സ്കോളർഷിപ്പും 100% വിജയവും ഇതിന് ഉത്തമ തെളിവാണ്. നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിയ വിദ്യാഭ്യാസം ഇന്ന് സ്കൂളിന് പുറത്തേയ്ക്കും വ്യാപിച്ചപ്പോൾ അവ വിദ്യാർത്ഥികൾക്ക് അറിവിന്റെ പഠന കേന്ദ്രമായി മാറി. കമ്പ്യൂട്ടർ ലാബും പഠനോൽസവങ്ങളും വിദ്യാർത്ഥികളിൽ അക്കാദമിക നിലവാരം ഉയർത്താൻ ക്ലാസ് ലൈബ്രറി, വായനാമൂല തുടങ്ങിയവയും അക്കാദമിക പര്യാപ്തമായി. വായനാതാല്പര്യം ഉണർത്താൻ ക്ലാസ് നിലവാരത്തിന്റെ മേന്മ എടുത്തു പറയത്തക്ക പ്രവർത്തനങ്ങളാണ്. ശാസ്ത്രോത്സവത്തിനും കലോത്സവത്തിനും മികച്ച നേട്ടം കൈവരിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.

## അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ഉണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം നടത്തണം. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സമയ സേവനം ലഭ്യമാകുന്നില്ല.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

2025 - 26 അധ്യായന വർഷത്തിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസര പഠനം എന്നീ വിഷയങ്ങളുടെ മികവിനായി എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്.

(1) വിഷയം - മലയാളം

മേഖല - വായന / ലേഖനം / സർഗാത്മകത

ഉപലേഖ

ലക്ഷ്യം - എല്ലാ വിദ്യാർത്ഥികളും അക്ഷരത്തെറ്റില്ലാതെ എഴുതുന്നു വായിക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം | 1. പ്രീ - ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമാണം<br>7. ചേർത്തു വായിക്കൽ<br>8. വാക്യങ്ങൾ നിർമ്മിക്കൽ<br>9. ചിത്രം - അടിക്കുറിപ്പ്<br>10. ചിത്രം - കഥ പറയൽ<br>11. ചിത്രം - കഥയെഴുതൽ<br>12. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>13. കഥ ബാക്കിയെഴുതൽ<br>14. കഥാപുസ്തകം നൽകൽ<br>15. വായന കാർഡ് നൽകൽ | ജൂൺ ജൂലൈ | അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • ക്ലാസ് ലൈബ്രറി<br>• വായനക്കുറിപ്പ്<br>• സർഗ്ഗാത്മക ഡയറി, സംയുക്ത ഡയറി എഴുതൽ<br>• അസ്വാദനക്കുറിപ്പ്<br>• മാഗസിൻ തയ്യാറാക്കൽ<br>• വ്യക്തിഗത രചന<br>• സംഘ രചന<br>• ഗോൾ പ്ലേ രൂപപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് | |

| | | | |
|---|---|---|---|
| | • കവി പരിചയം<br>• കവിയുടെ ചിത്രങ്ങൾ<br>• ശേഖരണം - ആൽബം<br>• കഥാരചന<br>• കവിതാരചന | | |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | • വായനാക്കൂട്ടം രൂപീകരിക്കൽ<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• ദിനാചരണങ്ങൾ<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• വായനാ മത്സരം<br>• വായനാ മൂല<br>• പുസ്തക വണ്ടി<br>• സ്കൂൾ ലൈബ്രറി<br>• ക്ലാസ് ലൈബ്രറി<br>• പത്ര വായന | ജൂൺ മുതൽ മാർച്ച് | വായനാ ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ നേതൃത്വ ഗുണം ഉള്ളവനാക്കുക. | • ബാലസഭ<br>• കലാ മത്സരങ്ങൾ<br>• പ്രസംഗം | അഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | |
| കുട്ടികളിൽ അക്ഷരങ്ങൾ ഉറപ്പിക്കൽ (പിന്നോക്കം നിൽക്കുന്നവർക്ക്) | • അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ചിത്രങ്ങൾ<br>• അക്ഷരമാല<br>• ആവർത്തന പദങ്ങൾ കണ്ടെ | ജൂൺ മുതൽ നവംബർ | അധ്യാപകർ കുട്ടികൾ | |

| | | | | |
|---|---|---|---|---|
| | ത്തൽ<br>• നിർദ്ദേശിക്കുന്ന പദങ്ങൾ വട്ടത്തിലാക്കൽ<br>• അക്ഷര കാർഡ് നിർമ്മാണം<br>• ഇൻലന്റ് മാഗസിൻ<br>• ചുമർ പത്രിക<br>• മാഗസിൻ<br>• കഥാവിഷ്കരണം<br>• നാടകാവിഷ്കരണം | ഓരോ മാസവും ഏതെങ്കിലും ഒന്ന് | അധ്യാപകർ | 200 |
| വായനാഭിരുചി വളർത്തൽ | • ജന്മദിനത്തിന് സ്കൂളിലേയ്ക്ക് ഒരു പുസ്തകം സംഭാവന ചെയ്യൽ<br>• പുസ്തക പരിചയം | ഒരോ ജന്മദിനത്തിലും | അധ്യാപകൻ കുട്ടികൾ | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല, ഒറിഗാമി ടാൻഗ്രാം, രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | • പ്രീ - ടെസ്റ്റ്<br>• എണ്ണാം എഴുതാം<br>• ചേരുന്നവ ചേർത്ത് വരയ്ക്കാം<br>• ശരിയായ അക്കങ്ങൾക്ക് വട്ടം വരയ്ക്കാം<br>• മുമ്പും പിമ്പും വലുതും | ആഴ്ചയിൽ അഞ്ച് ദിവസം | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | ചെറുതും | | |
| ഗണിതാശയങ്ങൾ ഉറപ്പിക്കൽ | • ആരോഹണം / അവരോഹണം<br>• വ്യാഖ്യാനം<br>• സ്ഥാനവില പാറ്റേൺ<br>• അക്കങ്ങൾ കൊണ്ടുള്ള ചിത്രങ്ങൾ | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ |
| ഗണിതം | • ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ചിത്രം വരയ്ക്കൽ<br>• രൂപങ്ങൾ കൊണ്ട് കളിവീട് നിർമ്മാണം<br>• പാഠഭാഗവുമായി ബന്ധപ്പെട്ടു വിവിധ പഠന ഉപകരണങ്ങളിലൂടെയുള്ള പഠനം. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |
| | • സംഖ്യ കാർഡ് നിർമ്മാണം<br>• സങ്കലന ചാർട്ട് നിർമ്മാണം<br>• കലണ്ടർ നിർമ്മാണം | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |
| | ക്വിസ് | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | • സ്ഥാനവില കണ്ടെത്താം<br>• അബാക്കസിൽ ക്രമീകരിക്കാം<br>• സംഖ്യാ വ്യാഖ്യാനം<br>• സംഖ്യാ പുഷ്പം | ജൂൺ മുതൽ നവംബർ | ഗണിത ക്ലബ്ബ് | 200 |
| ചതുഷ്ക്രിയകൾ | സംഖ്യാ അപ്പിൾ   | നവംബർ മുതൽ മാർച്ച് | | |
| രൂപങ്ങൾ തിരിച്ചറിയൽ | • റോബർട്ട് പൂർത്തിയാക്കാം<br>• വിവിധ രൂപങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം | ജൂൺ ജൂലൈ | അധ്യാപകർ S.M.C | 500 |

കായിക പരിശീലനം

മേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | കുട്ടികൾക്ക് കായികമായി പരിശീലനം നൽകൽ | ആഴ്ചയിൽ രണ്ട് ദിവസം | Zumba Reena Tr | |

വിഷയം - പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കൽ | •രോഗങ്ങളെ കുറിച്ചുള്ള അറിയിപ്പ് ബോർഡുകൾ തയ്യാറാക്കൽ<br>•ശുചിത്വ ശീലങ്ങൾ കണ്ടെത്തൽ<br>•പരിസര ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ | ഒക്ടോബർ മുതൽ ജനുവരി | അധ്യാപകർ | |
| സസ്യങ്ങളെ കുറിച്ചുള്ള അവബോധം വളർത്തൽ | •ഇലകൾ കൊണ്ടുള്ള കളിപ്പാട്ട നിർമ്മാണം<br>•വിത്ത് മുളപ്പിക്കൽ<br>•ചെടി നിരീക്ഷണം<br>•പ്രകൃതി നടത്തം<br>•തെങ്ങിന്റെ വിവിധ ഭാഗങ്ങൾ<br>•പ്രകൃതി നടത്തം ഉപയോഗിച്ചുള്ള കളിപ്പാട്ട നിർമ്മാണം<br>•പരിസ്ഥിതി ദിനാചരണം.<br>•ഉദ്യാന നിർമാണം.<br>•സ്കൂൾ പച്ചക്കറിതോട്ടം. | ആഴ്ചയിൽ ഒരു ദിവസം | ശാസ്ത്ര ക്ലബ്ബ് | |
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | മണ്ണിൽ വായുവുണ്ടോ ?<br>വേര് ജലം വലിച്ചെടുക്കുന്നു. ?<br>മണ്ണിൽ മണ്ണ് മാത്രമാണോ ? | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ശേഖരണം | രാത്രിയും പകലും ഉണ്ടാകുന്നത് എങ്ങനെ ? മഴമാപിനി വൈദ്യുതി ഉല്പാദിപ്പിക്കുന്നത് എങ്ങനെ ? വിവിധ ജീവികളുടെ കൂട് ശേഖരണം. ഇല ശേഖരണം വിത്ത് ശേഖരണം നാണയ ശേഖരണം പ്രപഞ്ചസത്യങ്ങളുടെ ചിത്രശേഖരണം സ്വാതന്ത്ര്യ സമര സേനാനികളുടെ ചിത്ര ശേഖരണം. | ആഴ്ച യിൽ ഒരു ദിവസം | സയൻസ് ക്ലബ്ബ് | |

## ഇംഗ്ലീഷ്

1. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
   ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം (ബുധൻ) കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക. ഓരോ ക്ലാസ് അസംബ്ലി നടത്തുക. | ആഴ്ച യിൽ ദിവസം | ക്ലാസ് ടീച്ചർ |

2. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ അഞ്ചു ദിവസം | ഇംഗ്ലീഷ് അധ്യാപിക. |

3. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ഇംഗ്ലീഷ് പാഠപുസ്തകത്തിലെ രൂപങ്ങളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതി അവതരിപ്പിക്കൽ<br>Skit, Conversation, Action Song etc<br>റീഡിംഗ് കാർഡ് | മാസം തോറും നടത്തുന്ന ബാലസഭയിൽ | അധ്യാപകർ |

4. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ്

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും കുട്ടികളുടെ സൃഷ്ടി ഉപയോഗിച്ച് കൈയെഴുത്ത് മാസിക തയ്യാറാക്കൽ<br>Exhibition | പ്രതി മാസ പരിപാടി വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപിക | 500 |

5. പ്രവർത്തനത്തിന്റെ പേര് : സ്പോക്കൺ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ നിർദ്ദേശങ്ങൾ കേട്ട് രൂപങ്ങൾ നിർമ്മിക്കൽ | ദിവസവും അധ്യാപകർ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തൽ<br>ഒറിഗാമി പേപ്പർ ഫിഷ്, പേപ്പർ തൊപ്പി | ജൂൺ മുതൽ മാർച്ച്<br>ജൂൺ-മാർച്ച് | അധ്യാപകർ | |

6. പ്രവർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

7. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകര | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| സൃഷ്ടിക്കൽ | ണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കാനുള്ള ബോർഡ് സ്ഥാപിക്കൽ,<br>ലൈബ്രറി ബുക്കുകൾ | | | |

8. പ്രവർത്തനത്തിന്റെ പേര് : Riddles രൂപീകരണം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ Riddles നിർമ്മിക്കാൻ അവസരം നൽകുന്നു. രണ്ട് ഗ്രൂപ്പായി മത്സരം നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

കാർഷിക വിഭവ ശേഖരണം

ഉപമേഖല : കൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ പച്ചക്കറി തോട്ടം. | വാഴകൃഷി<br>പച്ചക്കറി കൃഷി<br>തെങ്ങ്<br>(സ്ഥലം കണ്ടെത്തൽ വിത്ത് നടൽ സംരക്ഷണം വിളവെടുപ്പ്) | 6 മാസം<br>6 മാസം<br>3 വർഷം<br>6 മാസം | അധ്യാപകർ വിദ്യാർത്ഥികൾ | |

കലാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തൽ പാഠ്യ പ്രവർത്തനവുമായി ബന്ധപ്പെടുത്തൽ | കുട്ടികൾക്ക് ഓല, കടലാസ് എന്നിവ ഉപയോഗിച്ച് വസ്തുക്കൾ ഉണ്ടാക്കൽ (മീൻ, പൂവ്, തൊപ്പി, വഞ്ചി, ഉറുമ്പ്, കിളി) | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

മേഖല : ഐ.ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇൻഫർമേഷൻ ടെക്നോളജിയിൽ അറിവ് | ലാപ്ടോപ്പിൽ വര, നിറം നൽകൽ. ഗെയിംസ് പരിചയപ്പെടൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

## <u>പ്രതീക്ഷിത നേട്ടങ്ങൾ</u>

- സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം സാക്ഷാത്കരിക്കപ്പെടുന്നു. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- രസാവഹമായ പഠനാന്തീരക്ഷം.
- വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
- കൃഷിയിൽ താല്പര്യം ഉണർത്തുന്നു.
- പഠനാന്തരീക്ഷത്തോടൊപ്പം മറ്റു മേഖലകളിലും കഴിവ് തെളിയിക്കുന്നു.

## <u>മോണിറ്ററിംഗ്</u>

- ദൈനംദിന മോണിറ്ററിംഗ്, H.M, S.R.G കൺവീനർ, P.T.A പ്രസിഡന്റ്, എന്നിവരുടെ മേൽനോട്ടത്തിൽ നടത്താം.
- B.R.C തലത്തിലുള്ള മോണിറ്ററിംഗ്.

- P.T.A, M.P.T.A, O.S.S എന്നീ തലങ്ങളിൽ ഉള്ള മോണിറ്ററിംഗ്.

## ഉപസംഹാരം

ലൂർദ്ദിപുരം വാർഡിൽ കാഞ്ഞിരംകുളം ദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമീണ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ ഇന്ന് നമുക്ക് സാധിച്ചിട്ടുണ്ട് എന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഗാന്ധിജി വിദ്യാഭ്യാസത്തെക്കുറിച്ച് അഭിപ്രായപ്പെട്ടതു പോലെ കുട്ടികളിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവുമായ നന്മയുടെ പ്രകാശ മായി പരിവർത്തിക്കുവാൻ തീർച്ചയായും നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളെ പ്രാപ്തരാക്കാനുള്ള അറിവിന്റെ മാർഗ്ഗദീപം കൊളുത്തു വാൻ ഇവിടെത്തെ പ്രവർത്തനങ്ങൾക്കും സേവന സന്നദ്ധരായ അധ്യാപ കർക്കും ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. ആ ദീപത്തിൽ നിന്ന് പടർന്നു യർന്ന അറിവിന്റെ ദീപശിഖ ഒരിക്കലും കെട്ടുപോകാതെ കാത്തുസൂക്ഷിക്കു ന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.